## മദ്യത്തിൽ വെള്ളം ചേർത്ത് വിറ്റതിന് പിരിച്ചുവിട്ട തൊഴിലാളിയെ മുൻകാല വേതനം കൂടാതെ തിരിച്ചെടുക്കണം

### മദ്രാസ് ഹൈക്കോടതി

W.A. No. 1256/2020 Dt. 6.1.2021

തമിൾ നാടു സ്റ്റേറ്റ് മാർക്കെറ്റിങ് കോർപ്പറേഷൻ ലിമിറ്റഡ്
X
എസ്. സതീഷ്കുമാർ

മദ്യശാലയിൽ സെയിൽസ്മേൻ എന്ന തസ്തികയിലാണ് തൊഴിലാളി ജോലി ചെയ്തിരുന്നത്. മദ്യം നിറച്ച കുപ്പികളുടെ സൂക്ഷിപ്പ് ചുമതല അയാൾക്കായിരുന്നു. അപ്രകാരമിരിക്കെ മദ്യത്തിന്റെ ഗുണനിലവാരത്തിൽ സംശയം തോന്നിയ മേനേജ്മെന്റ് മദ്യം പരിശോധനയ്ക്കായി ലബോറട്ടറിയിലേക്കയച്ചു. മദ്യത്തിന്റെ വീര്യം ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്നും മദ്യത്തിൽ വെള്ളം കലർത്തിയിട്ടുണ്ടെന്നും പരിശോധനയിൽ വ്യക്തമാക്കപ്പെട്ടു. തുടർന്ന് തൊഴിലാളിക്ക് കുറ്റപത്രം നല്കിയ മേനേജ്മെന്റ് ഗാർഹികാന്വേഷണം പ്രഖ്യാപിച്ചു. മദ്യക്കുപ്പികളിൽ വെള്ളം കലർത്തി മദ്യത്തിന്റെ വീര്യം കുറച്ചു, മദ്യത്തിന്റെ ഗുണനിലവാരം മോശമാക്കി, അനർഹമായ ലാഭമുണ്ടാക്കി എന്നിങ്ങനെയുള്ള നാല് ആരോപണങ്ങളാണ് അന്വേഷണത്തിന് വിധേയമാക്കിയത്. മദ്യത്തിൽ വെള്ളം കലർത്തിയെന്നും ഗുണനിലവാരം മോശമാക്കിയെന്നുമുള്ള രണ്ട് ആരോപണങ്ങൾ തെളിഞ്ഞിട്ടുണ്ടെന്നും മറ്റ് രണ്ട് ആരോപണങ്ങൾ തെളിഞ്ഞിട്ടില്ലെന്നും അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കി. അതിന്റെ വെളിച്ചത്തിൽ മേനേജ്മെന്റ് അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതിനെതിരെ അയാൾ അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിച്ചത് തള്ളപ്പെട്ടപ്പോൾ അയാൾ പുനരവലോകന ഹർജി നല്കി. അതും തള്ളപ്പെട്ടപ്പോൾ അയാൾ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. സീൽ ചെയ്യാത്ത കുപ്പികൾ മദ്യശാലയിലുണ്ടായിരുന്നുവെന്നും അവയിൽ എന്തെങ്കിലും തിരിമറി നടന്നിട്ടുണ്ടെങ്കിൽ താൻ ഉത്തരവാദിയല്ലെന്നും അനർഹമായ ലാഭമുണ്ടാക്കിയെന്ന ആരോപണം തെളിഞ്ഞിട്ടില്ലാതിരിക്കെ തന്നെ പിരിച്ചുവിട്ടത് കഠിനമായ ശിക്ഷയാണെന്നും തൊഴിലാളി വാദിച്ചു. മദ്യത്തിന്റെ ഗുണനിലവാരവും വീര്യവും കുറഞ്ഞെന്ന് തെളിഞ്ഞെങ്കിലും തൊഴിലാളി അനർഹമായ ലാഭമുണ്ടാക്കിയെന്ന് തെളിഞ്ഞിട്ടില്ലാത്തതിനാൽ അയാളെ പിരിച്ചുവിട്ടത് കഠിനമായ ശിക്ഷയാണെന്നും തൊഴിലാളി വാദിച്ചു. മദ്യത്തിന്റെ ഗുണനിലവാരവും വീര്യവും കുറഞ്ഞെന്ന് തെളിഞ്ഞെങ്കിലും തൊഴിലാളി അനർഹമായ ലാഭമുണ്ടാക്കിയെന്ന് തെളിഞ്ഞിട്ടില്ലാത്തതിനാൽ അയാളെ പിരിച്ചുവിട്ടത് അന്യായമായ നടപടിയാണെന്ന് വിലയിരുത്തിയ സിംഗിൾ ബഞ്ച് മേനേജ്മെന്റിന്റെ തീരുമാനം റദ്ദാക്കുകയും തൊഴലാളിയെ മുൻകാല വേതനത്തോടെ തിരിച്ചെടുക്കണമെന്ന് വിധിക്കുകയും ചെയ്തു. ഇതിനെതിരെ മേനേജ്മെന്റ് ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. മദ്യത്തിൽ വെള്ളം ചേർത്ത് ഗുണനിലവാരം മോശമാക്കിയ നടപടി അതീവ ഗുരുതരമായ പെരുമാറ്റദൂഷ്യമാണെന്ന് മേനേജ്മെന്റ് വാദിച്ചത് ഡിവിഷൻ ബഞ്ച് അംഗീകരിച്ചില്ല. മദ്യത്തിൽ വെള്ളം ചേർത്തത് ഗുരുതരമല്ലാത്ത കൃത്യവിലോപം മാത്രമാണെന്നും അനർഹമായ ലാഭമുണ്ടാക്കിയെന്ന ആരോപണം തെളിഞ്ഞിട്ടില്ലാതിരിക്കെ തൊഴിലാളിയെ പിരിച്ചുവിട്ടത് തെറ്റായ നടപടിയാണെന്നും വിലയിരുത്തിയ ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിന്റെ വിധി ഭേദഗതി ചെയ്യുകയും മുൻകാല വേതനം കൂടാതെ രണ്ട് മാസത്തിനുള്ളിൽ തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന് വിധിക്കുകയും ചെയ്തു.